# നിത്യഹരിതവനങ്ങളുടെ അന്തകനായി ഏലം കൃഷി

**കൃഷ്ണൻകുട്ടി. പി. ആർ**

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഏലം കൃഷി വനനശീകരണത്തിന് കാരണമാണെന്ന് വനഗവേഷണ കേന്ദ്രത്തിന്റെ പഠന റിപ്പോർട്ട് പറയുന്നു.

നിബിഡവനാന്തർഭാഗത്തെ തണലിൽ വളർന്നിരുന്ന ഏലം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തു തുടങ്ങിയതോടെയാണ് വനം വെട്ടിവെളുപ്പിക്കൽ തുടങ്ങിയത്. അധികവിളവിനായി പുതിയ ഇനം വിത്തിനങ്ങൾ രംഗത്തെത്തിയതോടെയാണ് വനനശീകരണം ദ്രുതഗതിയിലായത്. സൂര്യപ്രകാശം ഒട്ടും ആവശ്യമില്ലാതിരുന്ന ഏലം കൃഷിക്ക് പുതിയ ഇനം വിത്തുകളുടെ വരവോടെ സൂര്യപ്രകാശം ആവശ്യമായി വരുകയും ഇതിനായി നിത്യഹരിതവനങ്ങളിലെ മരങ്ങളുടെ ശാഖകൾ ആവശ്യാനുസരണം വെട്ടിമാറ്റാൻ തുടങ്ങുകയും വനനശീകരണത്തിന് കാരണമാകുകയും ചെയ്തു.

ഏലം കൃഷി ലാഭകരമല്ലാത്തതിനാൽ പതുക്കെ പതുക്കെ ഇവിടങ്ങളിൽ കാപ്പി, കുരുമുളക് കൃഷി ആരംഭിക്കുകയും മരങ്ങൾ വെട്ടിനീക്കാൻ തുടങ്ങുകയും ചെയ്തു. നിത്യഹരിത വനങ്ങളായ ഏലത്തോട്ടങ്ങളുടെ നാശം ഇതോടെ പൂർണ്ണമായി. 64.7 ശതമാനം മരങ്ങളുള്ള നിത്യഹരിത വനങ്ങളിൽ ഏലം കൃഷി ചെയ്യുന്നതോടെ അത് 27 ശതമാനമായി കുറയുന്നുവെന്ന് പഠനം പറയുന്നു.